(സി) ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ, ഏതൊക്കെയാണ് ;

(ഡി) ഓരോ ഓഫീസും വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്. ആർ.ടി.സി.യ്ക്ക് എന്തു തുക വീതം നൽകാനുണ്ട് എന്നറിയിക്കുമോ ;

(ഇ) ഓരോ ഓഫീസും എത്ര കാലത്തെ കുടിശ്ശികനൽകാനുണ്ട് ;

(എഫ്) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ജി) കുടിശ്ശിക നൽകാൻ തയ്യാറാകാത്ത ഓഫീസുകൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളുടെയും വൈദ്യുതി ചാർജ്ജ് കെ. എസ്. ആർ. ടി. സി. യാണ് നൽകിവരുന്നത്.

(ബി) പ്രതിമാസം ശരാശരി രജിസ്ട്രേഷൻ വകുപ്പിന്റെ- 11,513 രൂപയും, ആർ. ടി. ഓഫീസിന്റെ 47,400 രൂപയും, സിവിൽ സപ്ലൈസ് വകുപ്പിന്റെ - 24,165 രൂപയും കെ. എസ്. ആർ. ടി. സി. നൽകിവരുന്നു.

(സി) 1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ

2. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

3. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്

(ഡി) 1. മോട്ടോർ വാഹന വകുപ്പ് - ₹. 35,20.837 + പലിശ

2. രജിസ്ട്രേഷൻ വകുപ്പ് - ₹ 4,79,816 + പലിശ

3. സിവിൽ സപ്ലൈസ് കോർപ്പറേഷൻ - ₹ 19,16,035 + പലിശ

(ഇ) 1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ - 1991 മുതൽ

2. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് - 4/2001 മുതൽ

3. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് - 1991 മുതൽ

(എഫ്) കത്ത് മുഖേന നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) കുടിശ്ശികയും, പലിശയും അടയ്ക്കാനും പുതിയ കണക്ഷൻ എടുക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

തൃക്കരിപ്പൂർ മണ്ഡലത്തിൽ പുതുതായി അനുവദിച്ച കെ. എസ്. ആർ. ടി. സി. ബസ്സുകൾ

221 (4010) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലൂടെ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആണ് പുതുതായി സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലൂടെ പ്രധാനമായും ഇരുപത്തിരണ്ട് (22) സർവ്വീസുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. അവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പയ്യന്നൂർ-ചെറുവത്തൂർ-തണ്ണിച്ചലം	2
പയ്യന്നൂർ-ഇടയിലക്കാട്	1
പയ്യന്നൂർ-ചീമേനി-വെള്ളച്ചാൽ	1
പയ്യന്നൂർ-ചെറുവത്തൂർ-പുത്തിലോട്ട്	1
പയ്യന്നൂർ-തയ്യേനി	2
പയ്യന്നൂർ-ചെറുവത്തൂർ പട്ടോടി	1
പയ്യന്നൂർ-മംഗലാപുരം	1
പയ്യന്നൂർ-ചെറുപുഴ-മംഗലാപുരം	2
പയ്യന്നൂർ-വള്ളിപിലാവ്	1
പയ്യന്നൂർ-പരപ്പ	1
പയ്യന്നൂർ-കമ്പല്ലൂർ-കാഞ്ഞങ്ങാട്	1
പയ്യന്നൂർ-ചെറുവത്തൂർ-ചീമേനി	1
പയ്യന്നൂർ-കാഞ്ഞങ്ങാട്-കടുക്കം	1
പയ്യന്നൂർ-ചെറുവത്തൂർ-പച്ചാംതുരുത്തി	1
പയ്യന്നൂർ-കാഞ്ഞങ്ങാട്-കൊന്നക്കാട്	1
പയ്യന്നൂർ-ചിറ്റാരിക്കൽ-മാലോം	1
പയ്യന്നൂർ-ഇളയേരി	1
പയ്യന്നൂർ-പെണ്ണിയൻ-തൃക്കരിപ്പൂർ	1
പയ്യന്നൂർ-കാഞ്ഞങ്ങാട്-പറക്കളായി	1
ആകെ	22

രാമനാട്ടുകരയിൽ നിന്നും മെഡിക്കൽ കോളേജിലേയ്ക്കും നൊണ്ടയാട് ബൈപാസ് വഴി ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി

222 (4011) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്-രാമനാട്ടുകര-നൊണ്ടയാട് ബൈപാസിലൂടെ രാമനാട്ടുകരയിൽ നിന്നും മെഡിക്കൽ കോളേജിലേക്കും തിരിച്ച് രാമനാട്ടുകരയിലേക്കും ബസ് സർവ്വീസ് തുടങ്ങുവാൻ കെ.എസ്.ആർ.ടി. ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly